## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2575** **17-03-2022 - ൽ മറുപടിയ്ക്ക്**

## പാലക്കാട് ജില്ലയിലെ വ്യാവസായിക പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ പുതുതായി ആരംഭിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഷൊർണ്ണൂർ വ്യവസായ വികസന പ്ലോട്ടിൽ ഒരു ബഹുനില വ്യവസായ സമുച്ചയം വ്യവസായ വകുപ്പിന്റെ കീഴിൽ വിഭാവനം ചെയ്യുകയും സർക്കാർ അനുമതിയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പാലക്കാട് റോഡ് വികസിപ്പിക്കുന്നതിനുവേണ്ടി ആവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നടപടി തുടരുകയാണ്. ഇതിനായി കണ്ണമ്പ്രയിൽ 298 ഏക്കർ ഭൂമിയും പുതുശ്ശേരി സെൻട്രൽ-I ൽ 653 ഏക്കർ ഭൂമിയും പുതുശ്ശേരി സെൻട്രൽ-II ൽ 558 ഏക്കർ ഭൂമിയും പുതുശ്ശേരി സെൻട്രൽ- III ൽ 375 ഏക്കർ ഭൂമിയും എറ്റെടുക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. കിൻഫ്രയുടെ പാലക്കാട് കൊഴിഞ്ഞാംപാറ മെഗാ ഫുഡ് പാർക്കിൽ റൈസ് ടെക്നോളജി പാർക്ക് ആരംഭിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതികളുടെ പ്രവൃത്തികൾ എന്ന് മുതൽ ആരംഭിക്കുമെന്ന് വിശദമാക്കുമോ? | (ബി) | ഷൊർണ്ണൂർ വ്യവസായ പ്ലോട്ടിലെ ബഹുനില വ്യവസായ സമുച്ചയത്തിന് ഭരണാനുമതി നൽകുന്നതോടുകൂടി പദ്ധതി എന്നത്തേക്ക് ആരംഭിക്കുമെന്ന് കണക്കാക്കുവാൻ കഴിയുന്നതാണ്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പാലക്കാട് റോഡ് വികസിപ്പിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു. ഭൂമി ഏറ്റെടുത്ത് പദ്ധതി നടപ്പിലാക്കുന്ന ചുമതല പ്രത്യേക ഉദ്ദേശ കമ്പനിയ്ക്ക് കൈമാറിയിരിക്കുകയാണ്. റൈസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായി നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ